(ബി) ഫ്രണ്ട് ഓഫീസ്/ബാക്ക് ഓഫീസ് എന്നീ നടപടിക്രമങ്ങൾ സമന്വയിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കുന്ന കിയോസ്കുകൾവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങളായ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, പെൻഷൻ വിതരണം, വിവിധ നികുതികൾ, ലൈസൻസുകൾ സംബന്ധിച്ച വിവരങ്ങൾ, ഫയലിന്റെ നിജസ്ഥിതി, ഫയലുകളുടെ നീക്കം തുടങ്ങി പൊതുജനങ്ങൾക്ക് അവശ്യം ലഭിക്കേണ്ട മിക്ക സേവനങ്ങളും ലഭ്യമാക്കുന്നതിന് സാധിക്കുന്നു. കൂടാതെ പൊതുജനങ്ങൾക്ക് നൽകേണ്ട നിർദ്ദേശങ്ങളും അറിയിക്കേണ്ട വിവരങ്ങളും scrolling news ആയി കൊടുക്കാൻ കഴിയും. ജനങ്ങൾക്കാവശ്യമായ മറ്റ് വകുപ്പുകളിൽ നിന്നുള്ള വിവരങ്ങളും ഇന്റർനെറ്റ് വഴിയുള്ള വിവരങ്ങളും മറ്റ് സേവനങ്ങളും ഈ കിയോസ്ക് വഴി നൽകാൻ കഴിയും.

(സി) ഇല്ല.

രാസവളവും കീടനാശിനികളും ഉപയോഗിക്കുന്നതിന് നിയന്ത്രണം

14 (*134) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലാശയങ്ങൾക്ക് സമീപം കാർഷികാവശ്യത്തിന് രാസവളവും വീര്യം കൂടിയ കീടനാശിനികളും ഉപയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കാർഷികാവശ്യത്തിന് രാസവളവും കീടനാശിനിയും ശിപാർശ ചെയ്തിട്ടുള്ള അളവിൽ കൂടുതൽ ഉപയോഗിക്കരുതെന്ന നിയന്ത്രണം സംബന്ധിച്ച് കാലാകാലങ്ങളിൽ കൃഷി ഓഫീസർമാർ കർഷകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇൻസെക്ടിസൈഡ്സ് ആക്ട് 1968-ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് സംസ്ഥാനത്ത് കീടനാശിനി കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നത്. കൂടാതെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 22/2011/കൃഷി തീയതി 17-1-2011 പ്രകാരം കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വീര്യംകൂടിയ മാരകമായ 14 ഇനം കീടനാശിനികളുടെ ഉപയോഗം 7-5-2011-ലെ ജി.ഒ. (എംഎസ്.) നമ്പർ 116/2011/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. ശുപാർശ ചെയ്തിട്ടുള്ള അളവിൽ മാത്രം കീടനാശിനി ഉപയോഗിക്കുന്നതിനും ജൈവിക കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ പരമാവധി ഉപയോഗിക്കുന്നതിനും കർഷകർക്ക് ബോധവത്കരണം നൽകുന്നുണ്ട്.

പച്ചക്കറി സംഭരണ സംവിധാനങ്ങൾ

15 (*135) ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. പ്രദീപ്കുമാർ :

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഭ്യന്തരമായി ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ സംഭരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ബി) സംഭരണ ശാലകളിൽ എത്തപ്പെടുന്ന പച്ചക്കറി മുഴുവനും സംഭരിക്കപ്പെടുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ ;

(സി) പച്ചക്കറി സംഭരിച്ച ഇനത്തിൽ കർഷകർക്ക് വിതരണം ചെയ്യേണ്ടുന്ന കുടിശ്ശിക തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ ;

(ഡി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ഏജൻസികൾ സ്വകാര്യ ഏജൻസികൾ മുഖേന സംഭരണം നടത്താറുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly